## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2009-10 , 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം തടസ്സപ്പെടുത്തിയ 10,180/-രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 3440/15/തസ്വഭവ. തിരുവനന്തപുരം,തീയതി: 20/11/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13007/15 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 11/08/2015 ലെ നം. എൽ.എഫ്. 7566/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2009-10 , 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം 10,180/- രൂപ (പതിനായിരത്തി നൂറ്റിയെൺപത് രൂപ മാത്രം) ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ പകർപ്പ് സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ടി ചെലവ് നടത്തിയിട്ടുള്ളതെങ്കിലും അംഗനവാടികളിലെ കുട്ടികളുടെ ഉച്ച ഭക്ഷണം മുടങ്ങി പോകുമെന്ന സാഹചര്യത്തിലാണ് പഞ്ചായത്ത് തീരുമാനപ്രകാരം സഹകരണ സ്റ്റോറിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതെന്നുള്ള ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം, 09-12-2014 ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ വിവരിച്ച വസ്തുതകളുടെയും കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം

ഗ്രാമപഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം തടസ്സപ്പെടുത്തിയ 10,180/-(പതിനായിരത്തി ഒരുനൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**റ്റി. വിജയൻ**
**ഡെപ്യൂട്ടി സെക്രട്ടറി.**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**